**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1639** **14.07.2016-ൽ മറുപടിയ്ക്ക്**

## ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനായി കർമ്മ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ആന്റണി ജോൺ**<br>**ശ്രീ.ഒ.ആർ.കേളു**<br>**ശ്രീമതി.യു.പ്രതിഭാ ഹരി**<br>**ശ്രീ.എം.രാജഗോപാലൻ** | **ശ്രീ.ഇ.പി.ജയരാജൻ**<br>**(വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്തു താരങ്ങളെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനായി പ്രാപ്തരാക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്തെ കായികതാരങ്ങൾക്ക് ഒളിമ്പിക്സ് മെഡൽ നേട്ടം ലക്ഷ്യമാക്കി നിലവിൽ അത്‌ലറ്റിക്സ് (എലൈറ്റ് അത്‌ലറ്റിക് ട്രെയിനിംഗ് സെന്റർ), വോളീബോൾ (ഹൈ പെർഫോമൻസ് ട്രെയിനിംഗ് സെന്റർ), സ്വിമ്മിംഗ് (Special Effort Training Programme in Swimming (SET)), ഫെൻസിംഗ് എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.<br>കേരളത്തിലെ മികച്ച കായിക പ്രതിഭകളെ കണ്ടെത്തി അവരെ ഏഷ്യൻ/കോമൺവെൽത്ത്/ ഒളിമ്പിക്സ്എന്നീ രാജ്യാന്തര കായിക മത്സരങ്ങളിൽ മെഡൽ സാധ്യത ഉറപ്പാക്കുന്ന രീതിയിൽ വളർത്തി എടുക്കുക എന്നതാണ് എലൈറ്റ് സ്കീമിലൂടെ ലക്ഷ്യമിടുന്നത്. വിദേശ പരിശീലകന്റെ കീഴിൽ അന്തർദേശീയ നിലവാരത്തിലുള്ള കായിക സൗകര്യങ്ങളും, പരിശീലനവും, താമസവും, ഭക്ഷണവും മറ്റ് ഉന്നത നിലവാരത്തിലുള്ള അനുബന്ധ സൗകര്യങ്ങളും പദ്ധതിയിൽ കായികതാരങ്ങൾക്ക് ലഭ്യമാക്കിവരുന്നു.<br>എലൈറ്റ് സ്വിമ്മിംഗ് സ്കീമിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനം ലഭ്യമാക്കുന്നതിലേയ്ക്കായി വിദേശ പരിശീലകന്റെ സേവനം 2013 ആഗസ്റ്റ് മുതൽ 2014-ആഗസ്റ്റ് വരെ ലഭ്യമാക്കിയിരുന്നു.<br>സ്വിമ്മിംഗിൽ ശ്രീ.സജൻ പ്രകാശ്, എലൈറ്റ് അത്‌ലറ്റിക്സ് സ്കീമിൽ ഉൾപ്പെട്ട അനിൽഡ തോമസ്, മുഹമ്മദ് അനസ് എന്നീ കായികതാരങ്ങൾ റിയോ ഒളിമ്പിക്സിലേയ്ക്ക് യോഗ്യത നേടിയിട്ടുണ്ട്. വിദേശപരിശീലനത്തിനായി ശ്രീമതി.ഒ.പി.ജയ്ഷയ്ക്കും (അത്‌ലറ്റിക്സ്), ശ്രീ.സജൻ പ്രകാശിനും (സ്വിമ്മിംഗ്), 10 ലക്ഷം രൂപ വീതം അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പരിശീലകർക്ക് ഏതെല്ലാം സ്പോർട്സ് ഇനങ്ങളിലാണ് ഇതിന്റെ ഭാഗമായി കോഴ്സ് ആരംഭിച്ചിട്ടുള്ളത് ; | (ബി) | എലൈറ്റ് സ്വിമ്മിംഗ് സ്കീമിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനം ലഭ്യമാക്കുന്നതിലേയ്ക്കായി വിദേശ പരിശീലകന്റെ കീഴിൽ 17 പരിശീലകർക്ക് പരിശീലനം നൽകിയിട്ടുണ്ട്. |
| (സി) | അതിനായി സർവ്വകലാശാലകളിലും കോളേജുകളിലും ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിക്കുമോ ; വിശദാംശം നൽകുമോ ? | (സി) | ഇൻക്യൂബേഷൻ സെന്ററുകൾ സ്ഥാപിക്കുന്ന കാര്യം ആലോചിച്ചുവരുന്നു. |

Manj M

സെക്ഷൻ ഓഫീസർ